**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.773** — **08.01.2014-ൽ മറുപടിക്ക്**

**<u>പുതുക്കാട് താലൂക്ക് ആശുപത്രിയിലെ നിയമനം</u>**

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ.സി.രവീന്ദ്രനാഥ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ മതിയായ ജീവനക്കാർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ആശുപത്രി യിൽ ഡോക്ടർമാരേയും പാരാ മെഡിക്കൽ ജീവനക്കാരേയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) നിലവിലുള്ള ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവിൽ അഡ്ഹോക്ക് നിയമനം വഴി താൽക്കാലികാടിസ്ഥാനത്തിൽ ഒരു ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി ബിരുദം നേടിയവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ്മാരുടെ 4 ഒഴിവുകളും താൽക്കാലികമായി നികത്തിയിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിര നിയമനം നൽകുന്നതാണ്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I തസ്തികയിലെ ഒഴിവ് ഗ്രേഡ് II അറ്റന്റർമാർക്ക് പ്രൊമോഷൻ നൽകികൊണ്ട് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിലെ ഒഴിവ് പി.എസ്. സി യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ